**ഭരണഭാഷ- മാതൃഭാഷ**

ICDS/A6-8832/20

വനിതശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം.
തീയതി : 06/08/2020
ഇ-മെയിൽ swdicds@gmail.com
ഫോൺ നമ്പർ 0471-2346534

**പരിപത്രം**

വിഷയം: വനിത ശിശു വികസന വകുപ്പ് - സൈ.സോ. പദ്ധതി- കൗൺസിലർമാരുടെ പ്രസവാവധി അനുവദിക്കുന്നത്- സംബന്ധിച്ച്.

സൂചന. കേരള സർക്കാർ ഉത്തരവ് നം.സ.ഉ.(സാ.ധ)നം 65/2019 തിയ്യതി 02/02/2019

സൈക്കോ സോഷ്യൽ പദ്ധതി പ്രകാരം സേവനം അനുഷ്ഠിക്കുന്ന സ്കൂൾ കൗൺസിലർമാർക്ക് ഹോണറേറിയത്തോട് കൂടിയ പ്രസവാവധി മേൽ സൂചന ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുള്ളതാണ്.അതിന്റെ അടിസ്ഥാനത്തിൽ പ്രസവാവധി സംബന്ധിച്ച അപേക്ഷകളിൽ അനുമതി അതതു ജില്ലാവനിതശിശു വികസന ഓഫീസർ നൽകേണ്ടതാണ്. പ്രസവാവധി അപേക്ഷകൾ യഥാസമയം ശിശു വികസന പദ്ധതി ഓഫീസർമാർക്ക് സമർപ്പിക്കേണ്ടതാണെന്ന നിർദ്ദേശം സ്കൂൾ കൗൺസിലർമാർക്ക് ശിശു വികസന പദ്ധതി ഓഫീസർമാർ നൽകേണ്ടതാണ്. അപ്രകാരം ലഭിക്കുന്ന പ്രസവാവധി അപേക്ഷകൾ പരിശോധിച്ച് അനുബന്ധ രേഖകൾ സഹിതം 5 ദിവസത്തിനുള്ളിൽ ശിശു വികസന പദ്ധതി ഓഫീസർമാർ ശുപാർശ ചെയ്ത് അതതു ജില്ലാവനിതശിശു വികസന ഓഫീസർമാർക്ക് അയച്ചു നൽകേണ്ടതാണ്. ജില്ലാ വനിതശിശുവികസന ഓഫീസർമാർ അപേക്ഷപരിശോധിച്ച് അർഹതാവിധേയമായി അനുവദിച്ച് നൽകേണ്ടതും ഇതു സംബന്ധിച്ച് വിശദാംശം രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

വനിത ശിശു വികസന ഡയറക്ടർക്കുവേണ്ടി

1)എല്ലാ ജില്ലാ വനിത ശിശുവികസനഓഫീസർമാർക്കും

2) എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും

3)കരുതൽ സഞ്ചയം

ഉത്തരവിൻപ്രകാരം

(ഒപ്പ്)